**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2073** **30-07-2021 - ൽ മറുപടിയ്ക്ക്**

**സംവരണ രീതി ഉറപ്പാക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. കെ.എം.സച്ചിൻദേവ് | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | കേന്ദ്ര സർക്കാർ സർവ്വീസിൽ നിയമനങ്ങൾ പരിമിതപ്പെടുത്തിയതിനാലും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവത്ക്കരിക്കാൻ തീരുമാനിച്ചതിനാലും ദേശസാത്കൃത ബാങ്കുകളിൽ സ്ഥിരം ജീവനക്കാർക്ക് പകരം കരാർ തൊഴിൽ ഏർപ്പെടുത്തിയതിനാലും ഭരണഘടന പ്രകാരം പട്ടികജാതികളിൽപ്പെട്ടവർക്കും പട്ടിക ഗോത്രങ്ങളിൽപ്പെട്ടവർക്കും നൽകിയിട്ടുള്ള സംവരണം ഇല്ലാതാകുന്നത് അവരുടെ സാമൂഹ്യോന്നമനത്തിന് വിഘാതമാകുമെന്നതിനാൽ സ്ഥാപനത്തിന്റെ സ്ഥിതിയോ നിയമന രീതിയോ മാറിയാലും സംവരണ നീതി ഉറപ്പാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന കാര്യം പരിശോധിക്കുമോ; | (എ) | കേന്ദ്ര സർക്കാർ സർവ്വീസിൽ നിയമനങ്ങൾ പരിമിതപ്പെടുത്തിയതിനാലും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവത്ക്കരിക്കാൻ തീരുമാനിച്ചതിനാലും ദേശസാത്കൃത ബാങ്കുകളിൽ സ്ഥിരം ജീവനക്കാർക്ക് പകരം കരാർ തൊഴിൽ ഏർപ്പെടുത്തിയതിനാലും സംവരണതത്വങ്ങളോ സംവരണരീതിയോ ഇല്ലാതാകുന്നുണ്ടോ എന്ന കാര്യം പരിശോധിക്കുകയും വിഷയം കേന്ദ്രസർക്കാരിനെ അറിയിക്കുകയും ചെയ്യാവുന്നതാണ്. |
| (ബി) | എയ്ഡഡ് മേഖലയിലും സ്വകാര്യ മേഖലയിലും സംവരണം വ്യാപിപ്പിക്കേണ്ടതിന്റെ ആവശ്യകത കേന്ദ്ര സർക്കാരിനെ ബോദ്ധ്യപ്പെടുത്താൻ ശ്രമമുണ്ടാകുമോ; | (ബി) | പരിശോധിക്കുന്നതാണ്. |
| (സി) | ഇവർക്ക് സംസ്ഥാനത്തും വിദേശത്തും ആധുനിക വ്യവസായ സേവന മേഖലകളിൽ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും നൈപുണ്യ ശേഷി ഉയർത്തുന്നതിനും സംസ്ഥാന സർക്കാർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്ന യുവതീയുവാക്കൾക്ക് വിവര സാങ്കേതികം, ഇലക്ട്രിക്കൽ & ഓട്ടോമൊബൈൽ എൻജിനീയറിംഗ്, ടെക്സ്റ്റൈൽ ഡിസൈനിംഗ് എന്നിങ്ങനെ വിവിധ വ്യവസായ മേഖലകളിൽ തൊഴിൽ സാധ്യതകളുള്ള നൈപുണ്യ വികസന പരിശീലന പദ്ധതികൾ വിവിധ ഏജൻസികൾ മുഖേന പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിലൂടെ പരിശീലനം നേടുന്ന പട്ടികജാതി യുവജനങ്ങൾക്ക് സംസ്ഥാനത്തും വിദേശത്തുമുള്ള വിവിധ വ്യവസായ സ്ഥാപനങ്ങളിൽ തൊഴിൽ ലഭ്യമായിട്ടുണ്ട്. പട്ടികവർഗ്ഗ യുവതീ |

| | | | |
|---|---|---|---|
| | | | യുവാക്കൾക്ക് സംസ്ഥാനത്തും വിദേശത്തും ജോലി ലഭിക്കുന്നതിന് ഉതകുന്ന പ്രത്യേക പരിശീലന പരിപാടി വകുപ്പ് സംഘടിപ്പിച്ചിട്ടുണ്ട്. ടിഗ് ആന്റ് ആർക് വെൽഡിങ്ങിൽ പരിശീലനം ലഭിച്ചവർക്കും, ഹോട്ടൽ മാനേജ്മെന്റിലും, നഴ്സിംഗ് അനുബന്ധ മേഖലയിലും വിദേശത്ത് ജോലി ലഭിച്ചിട്ടുണ്ട്. ഇവർക്ക് വകുപ്പിന്റെ നേതൃത്വത്തിൽ പ്രത്യേക പരിശീലനം നൽകിയാണ് വിദേശത്ത് ജോലി ഉറപ്പാക്കിയിട്ടുള്ളത്. ഇതുപോലെ നൈപുണ്യ പരിശീലനം നൽകിയവർക്ക് 100% പ്ലെയ്സ്മെന്റ് ഉറപ്പാക്കിക്കൊണ്ട് സംസ്ഥാനത്തെ സ്വകാര്യ മേഖലയിലും പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് തൊഴിലവസരം ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ